**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3442** **11-03-2025 - ൽ മറുപടിയ്ക്ക്**

**ബിഷപ്പ് വള്ളോപ്പള്ളി മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിലെ ബിഷപ്പ് വള്ളോപ്പള്ളി മ്യൂസിയത്തിന്റെ നിലവിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) | ബിഷപ്പ് വള്ളോപ്പള്ളി സ്മാരക കുടിയേറ്റ പൈതൃക മ്യൂസിയം സജ്ജീകരിക്കേണ്ട കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികളും അനുബന്ധ സൗകര്യങ്ങളായ ശുചിമുറി, കഫറ്റീരിയ തുടങ്ങിയവയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. മ്യൂസിയത്തിൽ സജ്ജീകരിക്കേണ്ട പ്രദർശന വസ്തുക്കൾ ശേഖരിക്കുന്നതിനുള്ള നടപടിയും പൂർത്തിയാക്കിയിട്ടുണ്ട്. മ്യൂസിയം ഗ്യാലറികളുടെ സജ്ജീകരണ പ്രവൃത്തികൾ നിലവിൽ പുരോഗമിച്ചുവരുന്നു. |
| (ബി) | പ്രസ്തുത മ്യൂസിയത്തിന്റെ നിർമ്മാണം വേഗത്തിലാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | 2025 ഫെബ്രുവരി ആദ്യവാരത്തിൽ പുരാവസ്തു വകുപ്പ് ഡയറക്ടർ, മ്യൂസിയം സന്ദർശിച്ച് സജ്ജീകരണ പുരോഗതി വിലയിരുത്തുകയും മ്യൂസിയം സജ്ജീകരണം നിർവ്വഹിക്കുന്ന ഏജൻസിയുമായി ചർച്ച നടത്തി പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രവൃത്തികൾ തൃപ്തികരമായി പുരോഗമിക്കുന്നുണ്ട്. |
| (സി) | മ്യൂസിയം നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | മ്യൂസിയം കെട്ടിടത്തിനകത്ത് ഗ്യാലറികളും മറ്റും സജ്ജീകരിക്കുന്നതിന് സാധാരണയായി ആവശ്യമുള്ള സമയം മാത്രമാണ് ബിഷപ്പ് വള്ളോപ്പള്ളി സ്മാരക കുടിയേറ്റ പൈതൃക മ്യൂസിയത്തിലും ഉപയോഗപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ